## പിതാവിനെ പോലെ നാമും തികഞ്ഞവരാകുന്നത്

**I. "ആകയാൽ നിങ്ങളുടെ സ്വർഗീയപിതാവ് തികഞ്ഞവൻ ആയിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ"—മത്തായി 5:48**

**തികഞ്ഞവരാകുവാൻ സാധിക്കുന്നതിന്റെ കാരണം—പിതാവിന്റെ മക്കളായതിനാൽ**

- നാം പിതാവിന്റെ മക്കളാണ്, പിതാവിന്റെ ദിവ്യജീവനും ദിവ്യപ്രകൃതവും ഉള്ളവരാണ്; അതിനാൽ, നമ്മുടെ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നമുക്കും തികഞ്ഞവരാകുവാൻ കഴിയും
  - നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ, ദിവ്യജീവന് നമ്മെ തികഞ്ഞവരാക്കുവാൻ കഴിയും.
  - നമ്മുടെ ഉള്ളിൽ ഈ തികഞ്ഞവനാക്കുന്ന ജീവൻ ഉണ്ട്.
  - നാം നമ്മുടെ പിതാവിലേക്ക് തിരിയുകയും അവന്റെ ജീവനും പ്രകൃതവും നമുക്കുണ്ടെന്ന് മനസ്സിലാക്കുകയും വേണം.
  - ഇതാണ് രാജ്യജീവനും, രാജ്യ ജീവിതവും.
  - തികവ് പ്രാപികക്കാനുള്ള മാർഗം, പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ പകർച്ചയെ തുടർമാനമായി സ്വീകരിക്കുന്നതിനും ആസ്വദിക്കുന്നതിനുമായി ദിവ്യകൂട്ടായ്മയിൽ തുടരുന്നതാണ്
  - ഈ വിധത്തിൽ നാം തികഞ്ഞവരാകണമെങ്കിൽ, പിതാവിനെത്തന്നെ ആസ്വദിച്ചുകൊണ്ട് നമ്മിലേക്കുള്ള ദിവ്യ ജീവന്റെയും പ്രകൃതത്തിന്റെയും പകർച്ച നാം ആസ്വദിക്കേണ്ടതുണ്ട്

**പ്രവർത്തനത്തിൽ തികവ് പ്രാപിക്കുവാനുള്ള മാർഗം—ജീവന്റെ വളർച്ചയിലൂടെ**

- പുതു മനുഷ്യൻ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിന് ജൈവികമായ തികവുള്ള പുതുമനുഷ്യൻ ജീവന്റെ വളർച്ചയിലൂടെ തികവു പ്രാപിക്കേണ്ടതുണ്ട്
  - ശരിയായ പോഷണം സ്വീകരിക്കുന്നതിലൂടെ മാത്രമേ പുതുമനുഷ്യന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട തികവ് പ്രാപിക്കാൻ കഴിയുകയുള്ളൂ
  - പരിപോഷിപ്പിക്കുകയും പരിലാളിക്കുകയും ചെയ്യുന്നതിലൂടെ പുതുമനുഷ്യന് തികവ് വരുത്തുവാനുള്ള നമ്മുടെ ഉത്തരവാദിത്തം നാമെല്ലാവരും നിറവേറ്റണം
  - തികവ് പ്രാപിക്കുന്നതിന്, നാം ക്രിസ്തുവിനാൽ സംരചിക്കപ്പെടേണ്ടതുണ്ട്; സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു നമ്മുടെ എല്ലാമാകുവാൻ നമ്മിലേക്ക് പണിതുചേർക്കപ്പെടണം
  - പുതുമനുഷ്യൻ തികവ്പ്രാപിച്ചു കഴിയുമ്പോൾ, അത് കർത്താവിന്റെ വരവിനുള്ള സമയമായിരിക്കും, തികവ് പ്രാപിച്ച പുതുമനുഷ്യൻ മണവാട്ടിയായിത്തീരും

## തികഞ്ഞവരായിരിക്കുക എന്നാൽ അവന്റെ സ്നേഹത്തിൽ തികഞ്ഞവരാകുന്നു എന്നാണ്

**II. തങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ രാജ്യത്തിലെ ജനവും തികഞ്ഞവരായിരിക്കുക എന്നതിനർഥം അവർ അവന്റെ സ്നേഹത്തിൽ തികഞ്ഞവരാകുന്നു എന്നാണ്**

**ദിവ്യസ്നേഹം ദൈവത്തിന്റെ സാരാംശപരമായ സദ്ഗുണമാണ്**

- ദിവ്യസ്നേഹം ദൈവത്തിന്റെ സാരാംശത്തിന്റെ പ്രകൃതമാണ്; അതിനാൽ, അത് ദൈവത്തിന്റെ സാരാംശപരമായ സദ്ഗുണമാണ്
  - നാം ദൈവത്തെ ഉൾക്കൊള്ളുവാൻ അവന്റെ സ്വന്തം സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട പാത്രങ്ങളാണ്
  - നാം ദൈവത്തിന്റെ മക്കളായിത്തീരേണ്ടതിന് നമ്മെ വീണ്ടെടുക്കുന്നതിനും നമ്മിലേക്ക് ദൈവത്തിന്റെ ജീവൻ പകരുന്നതിനും വേണ്ടി തന്റെ പുത്രനെ അയച്ചതിലാണ് ദൈവത്തിന്റെ സാരാംശപരമായ സദ്ഗുണമായ ദിവ്യസ്നേഹം പ്രധാനമായും പ്രകടമാകുന്നത്
  - ദൈവം നമ്മെ സ്നേഹിക്കുന്നത് നാം അവന്റെ തിരഞ്ഞെടുപ്പിന്റെ പാത്രമായതുകൊണ്ടാണ്.
  - തന്റെ മഹാ സ്നേഹം നിമിത്തം, നമ്മുടെ അരിഷ്ട സ്ഥിതിയിൽ നിന്ന് തന്റെ സ്നേഹത്തിന് അനുയോജ്യമായ ഒരു അവസ്ഥയിലേക്ക് നമ്മെ രക്ഷിക്കുവാൻ ദൈവം കരുണാസമ്പന്നനാണ്.

**ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നതിനാൽ നമ്മുടെ ഹൃദയം സ്നേഹത്തിന്റെ ഹൃദയമാണ്**

- "ദൈവസ്നേഹം നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു"
  - ദൈവസ്നേഹം ദൈവം തന്നെയാണ്
  - വിശ്വാസികളെന്ന നിലയിൽ, നമ്മുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ ദിവ്യ സാരാംശത്തിന്റേതായ ഒന്ന് നമുക്കുണ്ട്, ഇത് തന്റെ സ്നേഹത്തിലുള്ള പിതാവായ ദൈവമാണ്
  - അതിനാൽ ക്രിസ്തുവിലുള്ള ഒരു വിശ്വാസിയുടെ ഹൃദയം സ്നേഹത്തിന്റെ ഹൃദയമാണ്

**ദൈവം സ്നേഹമായതിനാൽ നാമും സ്നേഹമാണ്**

- ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി എന്തെങ്കിലും ആയിരിക്കുവാനും എന്തെങ്കിലും ചെയ്യുവാനും ഏറ്റവും മികച്ച മാർഗം സ്നേഹമാണ്
  - സ്നേഹം ദൈവത്തിന്റെ ആന്തരിക സാരാംശവും ദൈവത്തിന്റെ ഹൃദയവുമാണ്
  - ദൈവം സ്നേഹമാണ്; അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടാണ് നാം സ്നേഹിക്കുന്നത്
  - ദൈവത്തിൽനിന്ന് നമുക്ക് ലഭിച്ചിരിക്കുന്ന ജീവൻ സ്നേഹത്തിന്റെ ജീവനാണ്
  - ദൈവത്തിന്റെ വർഗമെന്നനിലയിൽ, ദൈവം സ്നേഹമായതിനാൽ നാമും സ്നേഹമാണ്

**തികഞ്ഞ സ്നേഹം—പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ തികഞ്ഞവരാകുന്നത്**

- ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ ധൈര്യത്തോടെ എങ്ങനെ നിൽക്കാമെന്നതിന്റെ രഹസ്യം 1 യോഹന്നാൻ 4 പറയുന്നു—സ്നേഹത്തിൽ വസിക്കുവിൻ
  - സ്നേഹത്തിൽ വസിക്കുക എന്നാൽ നാം ക്രിസ്തുവിനെ സ്നേഹിക്കുന്ന ഒരു ജീവിതം നയിക്കുക, ദൈവം തന്നെയായ സ്നേഹത്താൽ മറ്റുള്ളവരെ പതിവായി സ്നേഹിക്കുന്ന ഒരു ജീവിതം നയിക്കുക എന്നാണ്.
  - ദൈവസ്നേഹത്താൽ മറ്റുള്ളവരെ സ്നേഹിച്ചുകൊണ്ട് നമ്മിൽ തികവു പ്രാപിച്ച സ്നേഹമാണ് തികഞ്ഞ സ്നേഹം; അങ്ങനെയുള്ള സ്നേഹം ഭയത്തെ പുറത്താക്കുകയും കർത്താവിന്റെ മടങ്ങിവരവിൽ അവനാൽ ശിക്ഷിക്കപ്പെടുമെന്ന ഭയമില്ലാതിരിക്കുകയും ചെയ്യുന്നു